കോട്ടയം ബൈപാസ് റോഡിന്റെ പണി

122 [135] ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോട്ടയം ബൈപാസ് റോഡിന്റെ (മണർക്കാട്—ഏറ്റുമാനൂർ) എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ പണി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) എച്ച്.പി.സി. യിലേക്കുള്ള അസംസ്കൃത സാധനങ്ങളുമായി നിരവധി ലോറികൾ കോട്ടയം പട്ടണത്തിലൂടെ ദിവസവും പോകുന്നത് ടൗണിലെ സാധാരണഗതിയിലുള്ള ഗതാഗതത്തിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന് പരിഹാരം ഉണ്ടാക്കുവാനായി കോട്ടയം ബൈപാസ് റോഡിന്റെ പണി എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് തുക 2,45,40,000 രൂപയാണ്.

(ബി, സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മീഞ്ചന്ത—കണ്ണുപറമ്പ് ബൈപാസ് റോഡിന്റെ പണി

123 [136] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ മീഞ്ചന്തയിൽനിന്നും തുടങ്ങി കണ്ണുപറമ്പിൽ എത്തുന്ന ബൈപ്പാസ് റോഡിന്റെ പണി എന്നു പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) ഇപ്പോൾ ഈ റോഡിന്റെ പണി എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്;

(സി) ഇതുവരെയായി ഈ റോഡിന് എത്ര സംഖ്യ ചെലവഴിച്ചു കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ റോഡിന്റെ പണി അഞ്ചുഭാഗങ്ങളായാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിൽ മൂന്നാംഭാഗമായ അരയിടത്തുപാലം മുതൽ എരഞ്ഞിപ്പാലംവരെയുള്ള ഭാഗത്തെ പണി നടന്നുകൊണ്ടിരിക്കുന്നു. മറ്റു ഭാഗങ്ങളിൽ ആവശ്യത്തിനുള്ള ഭൂമി ഏറ്റെടുത്ത് റവന്യൂ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയിട്ടില്ല. ഭൂമി കൈമാറിക്കിട്ടിയശേഷം മറ്റു സാങ്കേതിക നടപടികളും പൂർത്തിയാക്കിയശേഷമേ പണി ആരംഭിക്കുവാൻ കഴി

LIBRARY ARCHIVES Kerala Legislative Assembly

യുകയുള്ളൂ. അതിനാൽ സാമ്പത്തിക പരിമിതികളില്ലെങ്കിൽ റോഡിന്റെ പണി മുഴുവനായും പൂർത്തീകരിക്കുന്നതിന് രണ്ടു വർഷംകൂടി വേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പണി നടന്നുകൊണ്ടിരിക്കുന്ന മൂന്നാംഘട്ടത്തിന്റെ പണി ഏകദേശം 50 ശതമാനത്തിലധികം നടന്നു കഴിഞ്ഞിട്ടുണ്ട്.

(സി) 38,04,932 രൂപ

കോഴിക്കോട് ബൈപാസിന്റെ അലൈൻമെന്റ്

124 [137] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) നാഷണൽ ഹൈവേയുടെ കോഴിക്കോട് ബൈപാസിന്റെ അലൈൻമെന്റ് അവസാനമായി തീരുമാനിക്കപ്പെട്ടിട്ടുണ്ടോ;

(ബി) തീരുമാനിക്കപ്പെട്ടുവെങ്കിൽ ഈ ബൈപാസ് റോഡിന് ആകെ എത്ര കിലോമീറ്റർ ദൂരം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഈ ബൈപാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനം എത്ര റീച്ചായി നടത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് കേന്ദ്രഗവൺമെന്റിൽനിന്നും ഭേദാനുമതി ലഭിച്ചു കഴിഞ്ഞുവോ;

(ഇ) ലഭിച്ചു കഴിഞ്ഞുവെങ്കിൽ സാമ്പത്തിക വർഷത്തിൽ എത്ര സംഖ്യ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 28.124 കിലോമീറ്റർ.

(സി) നാലു റീച്ചായി നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കാക്കാമൂല പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും പണി

125 [138] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കാക്കാമൂല പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും പണി കരാറുകാരൻ നിറുത്തിവച്ച വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണി നിറുത്തിവച്ചിട്ട് വളരെക്കാലമായിട്ടും ബാക്കി പണി വേറെ കരാറുകാരനെക്കൊണ്ട് ചെയ്യിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly